എ5/25/2020-റ്റിസി

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം
ട്രാൻസ് ടവേഴ്സ്, തിരുവനന്തപുരം
തീയതി: 17-04-2020

പ്രേഷിത

ട്രാൻസ്പോർട്ട് കമ്മീഷണർ

സ്വീകർത്താവ്

എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും
എല്ലാ എൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും

സർ,

വിഷയം: മോട്ടോർ വാഹന വകുപ്പ്-കൊവിഡ്-19-ലോക്ക്ഡൌൺ-2020 ഏപ്രിൽ 20 മുതലുള്ള ഇളവുകൾ-ഓഫീസുകളുടെ പ്രവർത്തനം സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ-സംബന്ധിച്ച്

സൂചന: 20-03-2020-ലെ ഇതേ നമ്പർ കത്ത്

കൊവിഡ്-19-ന്റെ വ്യാപനം പ്രതിരോധിക്കുന്നതിന്റെ ഭാഗമായി ലോക്ക്ഡൌൺ മെയ് മാസം 3 വരെ ദീർഘിപ്പിച്ചിട്ടുണ്ട്. എന്നാൽ ഏപ്രിൽ 20 മുതൽ ലോക്ക്ഡൌൺ നിയന്ത്രണങ്ങളിൽ ഇളവ് അനുവദിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഏപ്രിൽ 20 മുതൽ മോട്ടോർ വാഹന വകുപ്പിന് കീഴിലുള്ള എല്ലാ കാര്യാലയങ്ങളും നിയന്ത്രണങ്ങൾക്ക് വിധേയമായി തുറന്ന് പ്രവർത്തിപ്പിക്കുവാൻ സർക്കാർ തീരുമാനിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ ചുവടെ ചേർത്തിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. ഏപ്രിൽ 20 മുതൽ എല്ലാ കാര്യാലയങ്ങളിലും 1/3 ജീവനക്കാർ ഓഫീസിൽ ഹാജരാകേണ്ടതാണ്. ജീവനക്കാരുടെ യാത്രാസൌകര്യം മനസ്സിലാക്കി, ബന്ധപ്പെട്ട ഓഫീസ് മേലധികാരി ഡ്യൂട്ടി ദിവസങ്ങൾ ക്രമീകരിച്ച് നൽകേണ്ടതാണ്. മറ്റ് ജില്ലകളിൽ നിന്നുള്ള ഉദ്യോഗസ്ഥർ ജോലി ചെയ്യുന്നുണ്ടെങ്കിൽ ടി ഉദ്യോഗസ്ഥരെ ഡ്യൂട്ടിയിൽ നിന്നും വേണമെങ്കിൽ ഒഴിവാക്കാവുന്നതാണ് ;

2. ജോലിയിലുള്ള ഉദ്യോഗസ്ഥരെല്ലാം തന്നെ ഹാൻഡ് ഗ്ലവ്സ്, മാസ്ക് എന്നിവ ഉപയോഗിക്കേണ്ടതാണ്. ഉദ്യോഗസ്ഥർക്ക് വേണ്ട സാനിറ്റൈസർ നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ് ;

3. ഓഫീസിൽ ജീവനക്കാർ ഒഴികെ മറ്റാരെയും, അടിയന്തിരഘട്ടങ്ങളിലല്ലാതെ, ഓഫീസിൽ പ്രവേശിപ്പിക്കുവാൻ പാടുള്ളതല്ല. ഓൺലൈൻ അപേക്ഷകളും, ഓൺലൈൻ വഴിയുള്ള ഫീസും മാത്രം ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നതുവരെ സ്വീകരിച്ചാൽ മതിയാകും;

4. ഓഫീസിന്റെ മുൻവശത്തെ വാതിൽ നിർബന്ധമായും അടച്ചിടേണ്ടതാണ്

5. എല്ലാ ഓഫീസുകളിലും അപേക്ഷകൾ സമർപ്പിക്കുന്നതിനായി ഒരു ബോക്സ് വാതിലിന് അടുത്ത് തന്നെ അപേക്ഷകൾ കാണത്തക്കവിധം ക്രമീകരിക്കേണ്ടതാണ്. ബോക്സ് വഴി ലഭിക്കുന്ന അപേക്ഷകൾ താമസംവിനാ ബന്ധപ്പെട്ട സെക്ഷനുകൾക്ക് കൈമാറേണ്ടതും, തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. അപേക്ഷകളിലുള്ള പോരായ്മകൾ പരിഹരിക്കുന്നതിനായി അപേക്ഷകന്റെ ഫോൺ നമ്പർ അപേക്ഷകളിൽ രേഖപ്പെടുത്തണമെന്നുള്ള നിർദ്ദേശം ബോക്സിന് സമീപം പ്രദർശിപ്പിക്കേണ്ടതാണ് ;

6. പല ഓഫീസുകളിലും വിവിധ സേവനങ്ങളുമായി ബന്ധപ്പെട്ട അപേക്ഷകൾ പെൻഡിംഗിലാണെന്ന് അറിയുവാൻ കഴിഞ്ഞിട്ടുണ്ട്. പെൻഡിംഗിലുള്ള അപേക്ഷകൾ എല്ലാം തന്നെ ലോക്ക്ഡൌൺ കാലാവധി തീരുന്നതിനു മുൻപ് തന്നെ തീർപ്പാക്കേണ്ടതാണ് ;

7. അടിയന്തിരഘട്ടങ്ങളിൽ ഓഫീസിൽ പ്രവേശിക്കുന്നവർക്ക് തങ്ങളുടെ കൈകൾ അണുവിമുക്തമാക്കുന്നതിന് ആവശ്യമായ ജലം, സോപ്പ്,

സാനിറ്റൈസർ എന്നിവ ഓഫീസിന് പുറത്തായി സൌകര്യപ്രദമായ സ്ഥലത്ത് ക്രമീകരിക്കേണ്ടതാണ്.

8. ഓഫീസ് പ്രവൃത്തി സമയത്ത് വരുന്ന ഫോൺ കോളുകൾ നിർബന്ധമായും അറ്റൻഡ് ചെയ്യേണ്ടതും, ഫോൺ വഴി ലഭിക്കുന്ന പരാതികൾ അടിയന്തിരമായി തീർപ്പ് കല്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

9. ഇ-മെയിൽ മുഖാന്തിരം ഓൺലൈൻ അപേക്ഷകളുടെയും, ജി-ഫോം അപേക്ഷകളുടെയും പകർപ്പ് അയച്ച് നൽകുവാൻ നിർദ്ദേശിച്ചിരുന്നു. ഇ-മെയിൽ മുഖാന്തിരം ലഭ്യമായിട്ടുള്ള ഇത്തരം അപേക്ഷകൾ അടിയന്തിരമായി ബന്ധപ്പെട്ട സെക്ഷനുകളിലേക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

10. 30-06-2020 ത്രൈമാസത്തേക്കുള്ള ജി-ഫോം സമർപ്പിക്കുന്നതിനായി 30-04-2020 വരെ സർക്കാർ സമയം അനുവദിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷക്കൽ ഇ മെയിൽ വഴി സമർപ്പിക്കാവുന്നതും, അല്ലെങ്കിൽ അപേക്ഷ ബോക്സിൽ നിക്ഷേപിക്കാവുന്നതുമാണ്. ഇത്തരം അപേക്ഷകളിൽ സമയബന്ധിതമായി നടപടികൾ സ്വീകരിക്കേണ്ടതാണ്. വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റ് വഴി ലഭിക്കുന്ന അപേക്ഷകളും സമയബന്ധിതമായി പരിഹരിക്കേണ്ടതും, അപേക്ഷകനെ ഇക്കാര്യം അറിയിക്കേണ്ടതുമാണ്.

11. ഓഫീസും, പരിസരവും അണുവിമുക്തമാക്കുന്നതിനുള്ള കർശനനടപടികൾ സ്വീകരിക്കേണ്ടതാണ്. ഓഫീസ് പരിസരം വൃത്തിയായി സൂക്ഷിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്

12. ജീവനക്കാരുടെ ട്രാൻസ്ഫറിനുള്ള അപേക്ഷകൾ ഫോർവേഡ് ചെയ്യുന്നതിനുള്ള തീയതി അവസാനിച്ചിട്ടും, 20-ഓളം അപേക്ഷകൾ ഫോർവേഡ് ചെയ്തിട്ടില്ലാത്തതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ആയതിനാൽ

അപേക്ഷകൾ ഫോർവേഡ് ചെയ്യുന്നതിനുള്ള തീയതി ഏപ്രിൽ 24 വരെയും, ജില്ലാ ഓഫീസിൽ നിന്നും ഫോർവേഡ് ചെയ്യേണ്ട തീയതി ഏപ്രിൽ 25 വരെയും പുതുക്കി നിശ്ചയിച്ചിരിക്കുന്നു. ഈ കാലയളവിനുള്ളിൽ നിർബന്ധമായും അപേക്ഷകൾ ഫോർവേഡ് ചെയ്യുകയോ, നിരസിക്കുകയോ ചെയ്തിരിക്കണം. യാതൊരു കാരണവശാലും അപേക്ഷകൾ പെൻഡിംഗിൽ ഉണ്ടായിരിക്കുവാൻ പാടുള്ളതല്ല.

13. ഇനിയൊരറിയിപ്പ് ഉണ്ടാകുന്നതു വരെ ഡ്രൈവിംഗ് ടെസ്റ്റ്, ലേണേഴ്സ് ലൈസൻസ് ടെസ്റ്റ്, സി എഫ് ടെസ്റ്റ്, രജിസ്ട്രേഷനായുള്ള വാഹന പരിശോധന എന്നിവ നടത്തുവാൻ പാടുള്ളതല്ല.

14. എല്ലാ ഓഫീസ് മേലധികാരികളും ഭാരത സർക്കാരിന്റെ 15-04-2020-ലെ 40-3/2020-ഡി എം-ഐ (എ) നമ്പർ പ്രകാരമുള്ള ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

15. മലപ്പുറം, കാസർഗോഡ്, കണ്ണൂർ, കോഴിക്കോട് ജില്ലകളിലെ കാര്യാലയങ്ങൾ ഇനിയൊരറിയിപ്പ് ഉണ്ടാകുന്നതു വരെ ലോക്ക്ഡൌണിൽ തന്നെ തുടരേണ്ടതാണ്.

വിശ്വസ്തതയോടെ
ഒപ്പ്
ട്രാൻസ്പോർട്ട് കമ്മീഷണർ

അംഗീകാരത്തോടെ

ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ &
സെക്രട്ടറി, സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി